DIOCESAN YOUTH APOSTOLATE
ST. THOMAS SYROMALABAR DIOCESE OF CHICAGO

YoY | YEAR OF YOUTH Newsletter

March 2017 | Issue 3

# കരുണയിലൂടെ സൗഖ്യം

യുവജനവർഷംകൊണ്ടു എനിക്കെന്തർത്ഥമാണുള്ളത്? പള്ളിയിൽ ഈയൊരുവർഷം യുവജനങ്ങൾക്കുവേണ്ടി കുറെ പരിപാടികൾ ചെയ്യുന്നതുമാത്രമാണോ ഇത്? അല്ലെങ്കിൽ ഈയൊരുവർഷം ഇടവകയിലെ മുതിർന്നവർ ഇതുവരെ കൈകാര്യം ചെയ്തിരുന്ന ഉത്തരവാദിത്വങ്ങൾ യുവജനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുന്നതോ? അല്ലെങ്കിൽ ഈയൊരുവർഷത്തെ ഇടവകതിരുന്നാളിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു നടത്തുന്നതോ? അതുമല്ലെങ്കിൽ മേൽപറഞ്ഞതല്ലാതെ ഒരുപക്ഷേ മറ്റെന്തെങ്കിലുമാണോ? ഇവയൊന്നും തെറ്റായ കാര്യങ്ങളല്ല. എന്നാൽ യുവജനവർഷദർശനം മേൽപറഞ്ഞവയിൽ മാത്രം ഒതുക്കിനിർത്തിയാൽ നമ്മൾ ലക്ഷ്യത്തിൽനിന്നും ബഹുദൂരം അകലെയായിരക്കും.

ഈയൊരുവർഷത്തിനുമപ്പുറം സഭയുടെ മുഖച്ഛായ എന്നെന്നും നിലനിൽക്കാൻ സഹായിയ്ക്കുന്ന മാറ്റങ്ങളിൽവേണം നമ്മുടെ കാതലായ ശ്രദ്ധ കേന്ദ്രീകരിയ്ക്കാൻ. കത്തോലിക്കരെന്നനിലയിൽ നമ്മുടെയിടയിൽ കാട്ടുതീപോലെ കത്തിപ്പടരുന്ന ഒരു സംസ്കാരത്തിന്, സ്നേഹത്തിന്റെ സംസ്കാരത്തിന്, നമ്മൾ തുടക്കംകുറിയ്ക്കണം.

ഈയൊരു മാസത്തെ ധ്യാനത്തിനായി രണ്ടു കാര്യങ്ങളിൽ നമുക്ക് കൂടുതൽ ശ്രദ്ധ കൊടുക്കാം; ‘കരുണയും സൗഖ്യവും’.സക്കേവൂസിന്റെ ഭവനത്തിലേക്കു ക്രിസ്തു കടന്നുചെന്ന സംഭവംതന്നെ ദൈവത്തിന്റെ കരുണയേക്കുറിച്ചു ധ്യാനിക്കുവാനായി നമുക്കുപയോഗിക്കാം. ‘സക്കേവൂസ്, ഇന്ന് എനിക്കു നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു’ എന്നു പറയുമ്പോൾ, നീതിരഹിതനെന്നും നയരഹിതനെന്നും സ്വാർത്ഥനെന്നുമുള്ള അവന്റെ അപകീർത്തിയെ ക്രിസ്തു അവഗണിക്കുകയാണു ചെയ്യുന്നത്. തന്റെ അധികാരത്തിലൂടെയും ശക്തിയിലൂടെയും സാധാരണക്കാരേയും തൊഴിലാളികളേയും ഞെരുക്കികൊണ്ട് നികുതിപിരിവു നടത്തിയിരുന്ന സക്കേവൂസിനെ അധികരദുർവിനിയോഗിയും മറ്റുള്ളവരെ തന്റെമാത്രം സ്വാർത്ഥതക്കുപയോഗിക്കുന്നവനായുംകണ്ട് എല്ലാവരും വെറുത്തിരുന്നു. സക്കേവൂസിന്റ ഭവനത്തിലേക്കു സ്വയം കടന്നുചെല്ലുകവഴി തന്റെ കാരുണ്യം ഈശോ അവനു കാണിച്ചുകൊടുക്കുന്നു.

ഈ ഇടപെടലിലൂടെ ദൈവകാരുണ്യത്തിന്റെ മൂർത്തീമൽഭാവമായ ഈശോ സക്കേവൂസിന്റെ ജീവിതത്തെ മാറ്റിയെടുത്തു. ഇതിലൂടെ സക്കേവൂസിന്റെ ജീവിതത്തിൽ ആത്മസൗഖ്യദായകമായ മാറ്റങ്ങളുടെ തുടക്കം നമുക്ക് കാണാം. അവൻ പറഞ്ഞു ‘കർത്താവേ, ഇതാ, എൻെറ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ, നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു’. അവൻ മോ ഷ്ടിച്ചെടുത്തിട്ടുള്ളതെല്ലാം അങ്ങിനെ തിരികെകൊടുക്കുന്നു. സ്ഥാനമാനങ്ങളേക്കുറിച്ചും അധികരത്തേക്കുറിച്ചും സമ്പത്തിനേക്കുറിച്ചും അവൻ ഇതിനുശേഷം ആകുലപ്പെടുന്നതേയില്ല; നേരേമറിച്ച് തന്റെ ജീവിതത്തിൽ ദൈവകാരുണ്യത്തിനവൻ വിധേയപ്പെടുന്നു; ഒപ്പം മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. നേരത്തേതന്നെ പശ്ചാത്തപിച്ചതുകൊണ്ടോ അല്ലെങ്കിൽ ജീവിതം മാറ്റിയതുകൊണ്ടോ അല്ല ഈശോ അവന്റെ ഭവനത്തിലേക്ക് കടന്നുചെല്ലാൻ തിരഞ്ഞെടുത്തത്; മറിച്ച് ‘ഈ മനുഷ്യനും അബ്രാഹത്തിന്റെ പുത്രനാണ്’ എന്നതുകൊണ്ടുമാണ്. വേറൊരു വാക്കിൽ പറഞ്ഞാൽ അവനും ദൈവം സ്രഷ്ടിച്ച മറ്റൊരു മനുഷ്യനാണ്. ക്രിസ്തുവിന്റെ കരുണ നേടിയെടുക്കപ്പെടുന്നതല്ല; അതെല്ലാവർക്കും ദാനമായി നൽകപ്പെട്ടിരക്കുന്നു; അതർഹിക്കാത്തവർക്ക്പോലും. ഇതാണ് ഈശോ നമുക്കു നൽകിയിരിക്കുന്ന കരുണയുടെ മാതൃക. നമുക്കുചുറ്റുമുള്ളവർകിടയിൽ ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്ക് കഴിയുമോ; പ്രത്യേകച്ചും സീറോമലബാർ സഭയുടെ പശ്ചാത്തലത്തിൽ?

- നമ്മുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കാത്ത സഭയിലെ കൈക്കാരന്മാർക്ക്മുന്നിലും മറ്റു നേതാക്ക ന്മാർക്ക്മുന്നിലും ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്കു കഴിയുമോ?
- നമ്മേ വഞ്ചിച്ച ഒരു സുഹൃത്തിനു മുൻപിൽ ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്കു കഴിയുമോ?
- ക്ലാസിൽ ശല്ല്യപ്പെടുത്തിയതിനും സംസാരിച്ചതിനും നമ്മേ വഴക്കുപറഞ്ഞ വേദപാഠാദ്ധ്യാപകനു മുൻപിൽ ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്കു കഴിയുമോ?
- നമ്മുടെ ആശയങ്ങളെ പിന്തുണയ്ക്കാത്ത അങ്കിളുമാർക്കും ആന്റിമാർക്കും ഇടവകാസമിതിയങ്ങങ്ങൾക്കും മുൻപിൽ ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്കു കഴിയുമോ?
- പള്ളിയിൽവച്ചു നമ്മേ ദേഷ്യപ്പെടുത്തിയ സഹപാഠിക്കുമുൻപിലോ അതുപോലയുള്ള മറ്റുള്ളവർക്കുമുൻപിലോ ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്കു കഴിയുമോ?
- നമ്മോടു പ്രശ്നങ്ങളുള്ള നമ്മുടെ ഇടവകയിലെ ഒരു വൈദീകനുമുൻപിൽ ഈ കരുണയുടെ മാതൃകയായിത്തീരുവാൻ നമുക്കു കഴിയുമോ?

നമ്മുടെ സഭയിലുള്ളവർക്കുമുൻപിൽ ദൈവത്തിന്റെ കരുണയുടെ ഒരുപകരണമായിത്തീരുന്നതിലേക്ക് ക്രിസ്തുവുമായുള്ള ഈ ഇടപെടലുകൾ നമ്മേ നയിക്കട്ടെ; ഈ യുവജനവർഷത്തിൽ സൗഖ്യത്തിന്റേയും കരുണയുടേയും ആത്മാവു നമുക്കിടയിൽ കാട്ടുതീപോലെ കത്തിപ്പടരട്ടെ. ഒരിക്കൽ ഫ്രാൻസീസ്പാപ്പാ പറഞ്ഞതുപോലെ ‘തിന്മ പകരുന്നതെങ്കിൽ നന്മയും അങ്ങിനെതന്നെയാണ്; ആയതിനാൽ കൂടുതൽ കൂടുതലായി നന്മ നമ്മളിൽ വർദ്ധിക്കുവാൻ നമ്മൾ അനുവദിക്കുക; നമ്മൾ നന്മ ബാധച്ചവരായിതീരട്ടെ; ഒപ്പം നമുക്കു നന്മ പ്രചരിപ്പിക്കുന്നവരായിതീരുകയും ചെയ്യാം’.

## Words of Wisdom from the Saints

*Bl. Pier Giorgio Frassati*

"But the purpose for which we have been created shows us the path along which we should go, perhaps strewn with many thorns, but not a sad path. Even in the midst of intense suffering it is one of joy."



Youth of St. Thomas SyroMalabar Catholic Church of San Francisco, CA.



Youth of St. Thomas the Apostle SyroMalabar Catholic Church of Dallas, TX.

## ഈ മാസത്തിലെ നിർദ്ദേശിക്കപ്പെട്ട പരിപാടികൾ

### യുവജനങ്ങൾ, ചെറുപ്പക്കാർ, മുതിർന്നവർ

1. നമ്മുടെ ജീവിതത്തിൽ സക്കേവൂസ് ആരാണ്? ക്രിസ്തുവിന്റെ കരുണയുടെ സൗഖ്യം സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി നമ്മുടെ ഇടവകയിൽ നമ്മേ മുറിപ്പെടുത്തിയവരുടെ പേരുകൾ ഒരു കടലാസിലെഴുതുക (മാതാപിതാക്കൾ, യുവജനങ്ങൾ,ശുശ്രൂഷികൾ എന്നിങ്ങനെ)
2. മേൽപറഞ്ഞ ലിസ്റ്റിലുള്ളവരെ സമർപ്പിച്ചുകൊണ്ട് ഒരു ആന്തരികസൗഖ്യ ആരാധനയിൽ പങ്കുകൊള്ളുക
3. നമ്മുടെ സ്വന്തം വീഴ്ചകളുടെമേൽ ദൈവകാരുണ്യം അപേക്ഷിച്ചുകൊണ്ട് സമ്പൂർണ്ണമായ ആത്മപരിശോധന നടത്തുക
4. നമ്മേ വേദനിപ്പിച്ച ഒരു സ്നേഹിതനുമായി ഫോണിലൂടെയും മറ്റും ബന്ധപ്പെടാൻ ശ്രമിച്ചുകൊണ്ട് കരുണയെ ജീവിതത്തിൽ പ്രാവർത്തികമാക്കുക
5. നോമ്പുകാലം നമ്മുടെ പ്രാർത്ഥനാജീവിതത്തെ ശക്തിപ്പെടുത്താനുള്ള നല്ലസമയമാണ്; ഒപ്പം ദൈവകാരുണ്യത്തേക്കുറിച്ച് ധ്യാനിക്കാനുമുള്ള സമയവുമാണ്. തന്റെതന്നെയും മറ്റുള്ളവരുടേയും ആത്മസൗഖ്യത്തെ സമർപ്പിച്ചുകൊണ്ട് കരുണയുടെ ഒരു ജപമാലയർപ്പിക്കുക.

### അച്ചന്മാർക്ക്

1. കരുണയുടേയും ആന്തരികസൗഖ്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും ക്ഷമിക്കുന്നതിന്റെ ഫലങ്ങളേക്കുറിച്ചും പ്രഘോഷണം ചെയ്യുക.
2. ഇടവകയിലെ യുവജനസംഘാടകരുമായിചേർന്ന് ആന്തരികസൗഖ്യാരാധനക്കുള്ള സൗകര്യങ്ങളൊരുക്കുക; സമീപ ഇടവകകളെ പങ്കുചേരാൻ ക്ഷണിക്കുകയും ചെയ്യുക.

### കൈക്കാരന്മാർ, ഇടവക യോഗാംഗങ്ങൾ, മറ്റിടവകാധികാരികൾ

1. എല്ലാവരും ഒരേലക്ഷ്യത്തിനുവേണ്ടി പണിയെടുക്കുന്നുവെന്നുള്ള ബോധ്യത്തോടുകൂടെ വിഭാഗീയചിന്തകളിൽനിന്ന് മോചനംലഭിക്കുന്നതിനും തുറന്ന മനോഭാവം വളർത്തിയെടുക്കുന്നതിനും ഉതകുന്ന ഒരു ധ്യാനം ഇടവകാധികാരികൾക്കായി സംഘടിപ്പിക്കുക.
2. കുപ്രചരണത്താലും രാഷ്ട്രീയപരമായും നമ്മുടെ സമൂഹങ്ങളിൽ വളർന്നുവന്നിട്ടുള്ള വിഭീയതയിൽനിന്ന് മോചനം നേടുവാനുതകുന്ന കാര്യങ്ങൾ പ്രാർത്ഥനാപൂർവം മഃനസ്സിലാക്കുവാൻ ശ്രമിക്കുക

"... Let us be infected by goodness, and let us spread the good contagion..."

## Contact

https://www.stthomasdya.org https://www.facebook.com/dya.yoy info@stthomasdya.org